ഇൻഫോ പാർക്കിനുവേണ്ടി സ്ഥലമെടുക്കാൻ നടപടി

91 [3788] *ശ്രീമതി രാധാരാഘവൻ:*
ശ്രീ. ലൂഡി ലൂയിസ്:
,, ടി. വി. ചന്ദ്രമോഹൻ:
,, എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോപാർക്കിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ സ്ഥലമുണ്ട്;

(ബി) ഇൻഫോപാർക്കിന് കൂടുതൽ സ്ഥലത്തിന്റെ ആവശ്യമുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) അടുത്ത 20 വർഷത്തെ വികസനം ലക്ഷ്യമാക്കി ഇൻഫോപാർക്കിന് വേണ്ടി കൂടുതൽ സ്ഥലമെടുക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 32.4 ഹെക്ടർ (80 ഏക്കർ).

(ബി) ഉണ്ട്.

(സി) ഇൻഫോപാർക്കിന്റെ വികസനത്തിന് സമീപഭാവിയിൽത്തന്നെ കൂടുതൽ സ്ഥലമെടുക്കാൻ ഉദ്ദേശമുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങളെപ്പറ്റി ബോധവൽക്കരണത്തിന് നടപടി

92 [3789] *പ്രൊഫ. കെ. വി. തോമസ്:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. എം. ഹസ്സൻ:
,, പി. ടി. തോമസ്:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതും അവ മുഖേന നൽകപ്പെടുന്നതുമായ വിവിധ ആനുകൂല്യങ്ങളെപ്പറ്റി അവയുടെ അതിർത്തിക്കുള്ളിൽ നിവസിക്കുന്ന ജനങ്ങളെ ബോധവാൻമാരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) പ്രസ്തുത ആനുകൂല്യങ്ങളെപ്പറ്റിയും അവ ഗ്രാമസഭകളുടെ തീരുമാന പ്രകാരമാണ് വിതരണം ചെയ്യുന്നത് എന്നതിനെപ്പറ്റിയും വേണ്ട പ്രസിദ്ധീകരണം നൽകുന്നപക്ഷം ഗ്രാമസഭകളിൽ കൂടുതൽ ആളുകൾ പങ്കെടുക്കാനും അവയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും കഴിയുമെന്ന് കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും, അവ സ്ഥാപിക്കുന്ന പരസ്യബോർഡുകളിലും പ്രദർശിപ്പിക്കുകയും, കുടുംബശ്രീ/ അയൽക്കൂട്ടങ്ങളിൽ ഇക്കാര്യം അറിയിക്കുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്.

മേഖലായിളവ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി

93 [3790] *ശ്രീ. തോമസ് ചാഴികാടൻ:*
„ *റോഷി അഗസ്റ്റിൻ:*
„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ പദ്ധതി പ്രകാരം ചെറിയ കടമുറികൾ പണിയുന്നതിനും താമസത്തിനായി ചെറിയ വീടുകൾ നിർമ്മിക്കുന്നതിനും മേഖലായിളവിന് സർക്കാരിന്റെ അനുമതി വാങ്ങണമെന്നത് പാവപ്പെട്ട ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മേഖലായിളവ് ലഭിക്കുന്നതിന് ഇന്നുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് ലൈസൻസ്

94 [3791] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് ലൈസൻസ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ഇവർക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് പ്രതിവർഷ ലൈസൻസ് ഫീസ്;

(സി) കേന്ദ്ര സർക്കാർ ലൈസൻസിനു പുറമേ കേരള സർക്കാർ കൂടി ലൈസൻസ് ഏർപ്പെടുത്തിയാൽ ഇപ്പോൾ തന്നെ താങ്ങാനാവാത്ത വൈദ്യുതി ചാർജ്, സർവീസ് ടാക്സ് മുതലായവമൂലം കഷ്ടപ്പെടുന്ന ചെറുകിട കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) & (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly